# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/35/170/2017 **പത്രക്കുറിപ്പ്** 2017 ആഗസ്റ്റ് 14

**എം. ജി. ബിരുദ ഏകജാലക പ്രവേശനം : ഫൈനൽ അലോട്ട്മെന്റിന് ഓപ്ഷൻ രജിസ്ട്രേഷൻ ആഗസ്റ്റ് 18 വരെ.**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഏകജാലകം വഴിയുള്ള ബിരുദ പ്രവേശനത്തിനുള്ള ഫൈനൽ അലോട്ട്മെന്റിൽ പരിഗണിക്കപ്പെടുന്നതിന്. നിലവിൽ അപേക്ഷ സമർപ്പിക്കാത്തവർക്കും മുൻ അലോട്ട്മെന്റിൽ പ്രവേശനം ലഭിച്ചവർ ഉൾപ്പെടെ എല്ലാ വിഭാഗം അപേക്ഷകർക്കും വേ ി ഫൈനൽ അലോട്ട്മെന്റിന് ആഗസ്റ്റ് 16 മുതൽ 18 വരെ ഓപ്ഷൻ രജിസ്ട്രേഷൻ നൽകാം. അപേക്ഷകൻ ഓൺലൈൻ അപേക്ഷയിൽ വരുത്തിയ തെറ്റ് മൂലം അലോട്ട്മെന്റിനു പരിഗണിക്കപ്പെടാത്തവർക്കും അലോട്ട്മെന്റിലൂടെ ലഭിച്ച പ്രവേശനം റദ്ദായവർക്കും പ്രത്യേകമായി ഫീസ് അടക്കാതെ തന്നെ തന്റെ നിലവിലുള്ള ആപ്ലിക്കേഷൻ നമ്പരും പാസ്‌വേഡും ഉപയോഗിച്ച് www.cap.mgu.ac.in എന്ന വെബ്സൈറ്റിൽ അക്കൗ ് ക്രിയേഷൻ എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന പുതിയ ആപ്ലിക്കേഷൻ നമ്പരും പഴയ പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഓപ്ഷനുകൾ പുതുതായി നൽകാവുന്നതാണ്. ഇതിനായി 18 ന് വൈകുന്നേരം 5 മണി വരെ പുതുതതായി ഓപ്ഷൻ നൽകാവുന്നതാണ്. ഫൈനൽ അലോട്ട്മെന്റിൽ പങ്കെടുക്കുന്നവർ പുതുതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യേ താണ്. ഇതിനായി അപേക്ഷകർ തന്റെ നിലിവിലുള്ള ആപ്ലിക്കേഷൻ നമ്പരും പാസ്സ്‌വേഡും ഉപയോഗിച്ച ലോഗിൻ ചെയ്യുകയും പുതിയ ആപ്ലിക്കേഷൻ നമ്പർ പിന്നീടുള്ള ഓൺലൈൻ ആവശ്യങ്ങൾക്കായി സൂക്ഷിച്ചുവയ്ക്കേ താണ്. ലോഗിൻ ചെയ്ത ശേഷം അപേക്ഷകനു താൻ നേരത്തേ നൽകിയ അപേക്ഷയിൽ എന്തെങ്കിലും തെറ്റുകൾ കടന്നുകൂടിയിട്ടുങ്കിൽ തിരുത്താവുന്നതും പുതുതായി ഓപ്ഷനുകൾ നൽകാവുന്നതുമാണ്. ഫൈനൽ അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ അപേക്ഷകരും പുതുതായി ഓപ്ഷനുകൾ നൽകേ താണ്. ഓപ്ഷനുകൾ നൽകിയ ശേഷം അപേക്ഷ സേവ് ചെയ്ത് ഓൺലൈനായി സമർപ്പിക്കണം. അപേക്ഷയുടേയോ ഓപ്ഷനുകളുടേയോ പ്രിന്റൗട്ട് സർവ്വകലാശാലയിൽ സമർപ്പിക്കേതില്ല. വിവിധ കോളേജുകളിലെ ഒഴിവുള്ള പ്രോഗ്രാമുകളുടെ വിശദവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടു ്. ഓൺലൈൻ രജിസ്ട്രേഷന് www.cap.mgu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക

കേരള സർക്കാരിന്റെയും ഹൈക്കോടതിയുടെയും നിർദ്ദേശങ്ങൾ അനുസരിച്ച് ഇത്തവണ മുതൽ കോളേജുകളിൽ സ്പോട്ട് അലോട്ട്മെന്റ് അനുവദിക്കുന്നതല്ല. ആയതിനാൽ യു. ജി. പ്രോഗ്രാമുകളിലെ പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും ഫൈനൽ അലോട്ട്മെന്റിലൂടെ ഓപ്ഷൻ നൽകേ താണ്. മാനേജ്മെന്റ് കമ്മ്യൂണിറ്റി ക്വോട്ടാകളിലെ പ്രവേശന നടപടികളും ആഗസ്റ്റ് 29 നകം പൂർത്തീകരിക്കേ താണ്.

**വൈവാവോസി**

2017 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എം. എഡ് (2015 അഡ്മിഷൻ - ദ്വിവത്സരം - റഗുലർ) ഡിഗ്രി പരീക്ഷയുടെ വൈവാവോസി ആഗസ്റ്റ് 21 മുതൽ മഹാത്മാഗാന്ധി സർവ്വകലാശാലാ ക്യാമ്പസിലെ സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷമാറ്റി**

സ്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ, സ്കൂൾ ഓഫ് ടെക്നോളജി ആന്റ് അപ്ലൈഡ് സയൻസസ്, ഡിപ്പാർട്ട്മെന്റ് ഓഫ് കമ്മ്യൂണിക്കേഷൻ ആന്റ് ജേർണലിസം, സ്കൂൾ ഓഫ് അപ്ലൈഡ് ലൈഫ് സയൻസസ് എന്നീ സ്ഥാപനങ്ങൾ നടത്തുന്ന എല്ലാ കോഴ്സുകളുടെയും പരീക്ഷകൾ മാറ്റിവച്ചു. പുതുക്കിയ തിയതികൾ പിന്നീടറിയിക്കും.

ആഗസ്റ്റ് 16 ന് നടത്താൻ നിശ്ചയിച്ചിരുന്ന ര ാം സെമസ്റ്റർ എം. എ തമിഴ് (സി. എസ്. എസ് - 2016 അഡ്മിഷൻ റഗുലർ) ഡിഗ്രി പരീക്ഷകൾ മാറ്റിവച്ചു. പുതുക്കിയ തിയതി പിന്നീടറിയിക്കും.

**പരീക്ഷാഫലം**

2017 മാർച്ചിൽ നടത്തിയ അഞ്ചും ആറും സെമസ്റ്റർ ബി. കോം (സി. ബി. സി. എസ്. എസ് -പ്രൈവറ്റ് രജിസ്ട്രേഷൻ) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷമപരിശോധനയ്ക്കുമുള്ള അപേക്ഷകൾ ആഗസ്റ്റ് 26 വരെ സ്വീകരിക്കും. ഫലം സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2016 ജൂലായിൽ നടത്തിയ ഒന്നാം സെമസ്റ്റർ പഞ്ചവത്സര ബി. ബി. എ. എൽ. എൽ. ബി. ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷമപരിശോധനയ്ക്കുമുള്ള അപേക്ഷകൾ ആഗസ്റ്റ് 25 വരെ സ്വീകരിക്കും.

2016 ജൂലായിൽ നടത്തിയ ഒന്നാം സെമസ്റ്റർ പഞ്ചവത്സര ബി. കോം എൽ. എൽ. ബി. ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷമപരിശോധനയ്ക്കുമുള്ള അപേക്ഷകൾ ആഗസ്റ്റ് 25 വരെ സ്വീകരിക്കും.

2017 മാർച്ചിൽ നടത്തിയ അഞ്ചും ആറും സെമസ്റ്റർ ബി. എ (സി. ബി. സി. എസ്. എസ് -പ്രൈവറ്റ് റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷമപരിശോധനയ്ക്കുമുള്ള അപേക്ഷകൾ ആഗസ്റ്റ് 29 വരെ സ്വീകരിക്കും. ഫലം സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**എം. ജി രണ്ടാം സാക്ഷരതാ യജ്ഞത്തിന് തുടക്കമിടുന്നു.**

മഹാത്മാഗാന്ധി സർവ്വകലാശാലാ ജൈവം - 2017 പദ്ധതിയിലൂടെ ര ാം സാക്ഷരതാ യജ്ഞത്തിനു തുടക്കമിടുകയാണെന്ന് വൈസ്ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ പറഞ്ഞു. ജൈവസാക്ഷരതാപദ്ധതിയോടനുബന്ധിച്ചു സർവ്വകലാശാലാ അസംബ്ലിഹാളിൽ നടന്ന കാർഷിക സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരള ജൈവകർഷക സമിതി, ലൈഫ്ലോങ് ലേണിംഗ് വകുപ്പിലെ ഓർഗാനിക്ക് ഫാമിംഗ് പൂർവ്വവിദ്യാർത്ഥികൾ, കൃഷിജാഗരൺ മാസിക എന്നിവ സംയുക്തമായി സംഘടിപ്പിച്ച സെമിനാറിൽ സുരേഷ് മുതുകുളം, കെ. വി. ദയാൽ, ജോസഫ് ജെഫ്രി, ആർ. അജിത്, കെ. എ. മഞ്ജുഷ, ജി. ശ്രീകുമാർ എന്നിവർ സംസാരിച്ചു.

**അടിക്കുറിപ്പ്**

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നടന്ന കാർഷിക സെമിനാർ വൈസ്ചാൻസലർ ഡോ ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യുന്നു.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**